## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2551 | 05/11/2019-ൽ മറുപടിയ്ക്ക്

### കേരള ബാങ്കും പ്രാഥമിക കാർഷിക വായ്പ സംഘങ്ങളും

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ. വി.ആർ. സുനിൽ കുമാർ<br>ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | കേരള ബാങ്ക് യാഥാർത്ഥ്യമാകുന്നതോടെ പ്രാഥമിക കാർഷിക വായ്പ സംഘങ്ങളുടെ ഭാവി എന്താകുമെന്ന് വ്യക്തമാക്കുമോ; | (എ) | കേരള ബാങ്ക് യാഥാർത്ഥ്യമാകുന്നതോടെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ ഭാവി കൂടുതൽ ശോഭനമാവുമെന്ന് കരുതുന്നു. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് എല്ലാവിധ ആധുനിക ബാങ്കിംഗ് സേവനങ്ങളും ഒളിഞ്ഞിരിക്കുന്ന ചെലവുകളില്ലാതെ കുറഞ്ഞ ചെലവിൽ കേരള ബാങ്കുമായി ചേർന്നുകൊണ്ട് അംഗങ്ങൾക്ക് ലഭ്യമാക്കുവാൻ സാധിക്കും. ഇത്തരത്തിൽ എല്ലാ സേവനങ്ങളും അംഗങ്ങൾക്ക് നൽകുവാൻ കഴിയുന്നത് വഴി പ്രാഥമിക സഹകരണ ബാങ്കുകളുടെ പ്രാധാന്യം സമൂഹത്തിൽ കൂടുതൽ വർദ്ധിപ്പിക്കുന്നതിനും കഴിയും. |
| (ബി) | കേരളാബാങ്ക് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് ഏതെല്ലാം രീതിയിൽ ഗുണകരമാകുമെന്ന് വിശദമാക്കാമോ ; | (ബി) | പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് എല്ലാ വിധ ആധുനിക ബാങ്കിംഗ് സേവനങ്ങളും കുറഞ്ഞ ചെലവുകൾ മാത്രം ഈടാക്കി നൽകാൻ കഴിയുന്നതും ത്രിതല സംവിധാനം ദ്വിതലമാവുക വഴി കാർഷിക വായ്പ ഉൾപ്പെടെയുള്ള പലിശ നിരക്കിൽ കുറവ് |

| | | | |
|---|---|---|---|
| | | | വരുത്തുന്നതിനും അതുവഴി ടി സംഘങ്ങൾക്ക് അംഗങ്ങൾക്കിടയിൽ കൂടുതൽ വിശ്വാസം നേടിയെടുക്കുവാനും കഴിയും. |
| (സി) | പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന, ഗ്രാമീണ ജനങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ട നീതി സ്റ്റോർ, മാവേലി സ്റ്റോർ, വളം, വിത്ത്, കീടനാശിനി, കാർഷിക ഉപകരണങ്ങൾ എന്നിവയുടെ വിതരണം തുടങ്ങിയ സംരംഭങ്ങൾ കേരളാ ബാങ്ക് രൂപീകരിച്ചാലും അതേപടി തുടരുമോ-യെന്നറിയിക്കുമോ; | (സി) | കേരള ബാങ്ക് രൂപീകരിച്ചാലും പ്രാഥമിക കാർഷിക ബാങ്കുകൾ ജനങ്ങൾക്ക് നല്കിക്കൊണ്ടിരുന്ന എല്ലാ സേവനങ്ങളും തുടർന്നും നല്കുന്നതായിരിക്കും. നീതി സ്റ്റോറുകൾ, നീതിമെഡിക്കൽ സ്റ്റോറുകൾ, വളം, വിത്ത്, കീടനാശിനി കാർഷിക ഉപകരണങ്ങളുടെ വിതരണം എന്നിവ ഗ്രാമീണ ജനങ്ങളുടെ ജീവിതവുമായി ഏറെ ബന്ധപ്പെട്ടുള്ളവയാണ്. ടി സേവനങ്ങൾ തുടർന്നും ലഭിക്കും. |
| (ഡി) | കേരളാ ബാങ്ക് നിലവിൽ വരുന്നതോടെ കർഷകർക്കും സാധാരണക്കാർക്കും വായ്പ നല്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള കുറവുണ്ടാകുമോ; ചെറുകിട-കുടിൽ വ്യവസായങ്ങൾക്കുള്ള വായ്പ നിലവിലുള്ള രീതിയിൽ തുടരുമോ; വ്യക്തമാക്കുമോ? | (ഡി) | കേരള ബാങ്ക് നിവലിൽ വരുന്നതോടെ കർഷകർക്കും സാധാരണക്കാർക്കും വായ്പ നൽകുന്നതിൽ യാതൊരു കുറവും വരികയില്ല.<br>ചെറുകിട - കുടിൽ വ്യവസായങ്ങൾക്കുള്ള വായ്പകൾ തുടർന്നും ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.